# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2292** — **18/02/2016-ൽ മറുപടിക്ക്**

### സിക വൈറസിനെതിരേ മുൻകരുതൽ

ചോദ്യം

**ശ്രീ.പുരുഷൻ കടലുണ്ടി**

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) സിക വൈറസ് ബാധിതരുടെ എണ്ണം വർദ്ധിക്കുന്നതിനാൽ ജാഗ്രത പാലിക്കണമെന്ന ലോകാരോഗ്യ സംഘടനയുടെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ എന്തു മുൻകരുതൽ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | ബി) | സിക രോഗത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന തീവ്രത കുറഞ്ഞതായതിനാൽ, മറ്റു വൈറൽ പനികൾക്കെന്നപോലെ പാരസെറ്റമോളും, മറ്റ് അനുബന്ധ മരുന്നുകളും മാത്രമാണ് ആവശ്യമായി വരുന്നത്. ഡെങ്കിപ്പനിപോലെ രോഗം മൂർച്ഛിച്ച് മരണമുണ്ടാകാനുള്ള സാധ്യത വളരെ കുറവാണ്. അതിനാൽ ഇത് ചികിത്സിക്കാനുള്ള സംവിധാനം എല്ലാ ആശുപത്രികളിലും ലഭ്യമാണ്. സിക്ക രോഗബാധ റിപ്പോർട്ട് ചെയ്ത രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാർക്ക് കിടത്തി ചികിത്സ ആവശ്യമാകുന്ന സാഹചര്യത്തിൽ ഇവരെ ചികിത്സിക്കാൻ മെഡിക്കൽ കോളേജുകളും ജനറൽ ആശുപത്രികളും സജ്ജമാക്കിയിട്ടുണ്ട്. (തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി, ജനറൽ ആശുപത്രി, തിരുവനന്തപുരം, നെടുംബാശ്ശേരി വിമാനത്താവളം, |

| | | |
|---|---|---|
| | | ആലുവ ജില്ലാ ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ്) ജനങ്ങൾക്ക് സിക്ക രോഗത്തെ പറ്റിയുള്ള ബോധവത്ക്കരണത്തിനായി പത്രകുറിപ്പുകൾ, ആരോഗ്യ വകുപ്പിന്റെ വെബ് സൈറ്റുകളിൽ മാർഗ്ഗരേഖ, റേഡിയോ - ടി.വി പത്ര പരസ്യങ്ങൾ, ലേഖനങ്ങൾ എന്നിവ തയ്യാറാക്കി വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം ജില്ലകളിലെ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും ഊർജ്ജിത ഈഡിസ് കൊതുക നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ